"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യ വകുപ്പ് - കാസർഗോഡ് ജില്ലയിലെ, കാസർഗോഡ് താലൂക്കിൽ, കുറ്റിക്കോൽ വില്ലേജിൽ റീസർവ്വേ നം. 89/പാർട്ടിൽപ്പെട്ട 20.23 ആർ ഭൂമി കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുന്നതിനായി നാമമാത്ര നിരക്കിൽ (ആർ ഒന്നിന് 100/- രൂപ) 10 വർഷത്തേക്ക് പാട്ടത്തിനു നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ ( യു ) വകുപ്പ്**

സ.ഉ.(കൈ) നം.259/2024/RD തീയതി,തിരുവനന്തപുരം, 13-12-2024

പരാമർശം:- 1. കാസർഗോഡ് ജില്ലാ കളക്ടറുടെ 05/08/2024 തീയതിയിലെ DCKSGD/10198/2022-C6 നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 14/10/2024 തീയതിയിലെ LR/116/2023-LR(J10) നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് താലൂക്കിലെ കുറ്റിക്കോൽ വില്ലേജിൽ റീസർവ്വേ നം. 89/പാർട്ടിൽപ്പെട്ട 20.23 ആർ ഭൂമി ശ്മശാനം നിർമ്മിക്കുന്നതിനായി കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന് പാട്ടത്തിനു നൽകുന്നതിനു പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നു.

(2) കാസർഗോഡ് താലൂക്കിൽ, കുറ്റിക്കോൽ വില്ലേജിൽ റീസർവ്വേ 89/പാർട്ടിൽപ്പെട്ട 20.23 ആർ വസ്തുവിൽ സംരക്ഷിത വൃക്ഷങ്ങളോ, രാജകീയ വൃക്ഷങ്ങളോ സ്ഥിതി ചെയ്യുന്നില്ല. അപേക്ഷക്കാസ്പദമായ വസ്തു പഞ്ചായത്ത് ഏരിയയിൽ ഉൾപ്പെടുന്നതും, പതിച്ചു നൽകാവുന്ന ഭൂമിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. കുറ്റിക്കോൽ വില്ലേജ് hilly tract village ൽ ഉൾപ്പെടുന്നില്ല. മഹസ്സർ പ്രകാരം ടി വസ്തുവിന്റെ കിഴക്ക്, തെക്ക് അതിരുകളിൽ സർക്കാർ വക ഭൂമിയാണ്. മേൽ വസ്തുവിന്റെ നിലവിലെ ന്യായ വില GO(P)No.45/2023/TAXES അനുസരിച്ച് ആറൊന്നിന് 25,740/- രൂപയാണ്. അതുപ്രകാരം, പാട്ടത്തിന് അപേക്ഷിച്ചിട്ടുള്ള 20.23 ആർ വസ്തുവിന് 10,41,440/- രൂപ കമ്പോള വില വരും എന്ന് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്കെച്ച്, മഹസ്സർ, പഞ്ചായത്തിന്റെ സാക്ഷ്യപത്രം, ജില്ല കളക്ടറുടെ റിപ്പോർട്ട്, പഞ്ചായത്തിന്റെ അപേക്ഷ, ചെക്ക് ലിസ്റ്റ് എന്നിവയും ഒപ്പം സമർപ്പിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു ശ്മശാനം നിർമ്മിക്കുക എന്നതു ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതിനാലും, ഇതു ഒരു പൊതു ആവശ്യമായതിനാലും, കാസറഗോഡ് ജില്ലയിലെ, കാസർകോഡ് താലൂക്കിൽ, കുറ്റിക്കോൽ വില്ലേജിൽ റീസർവ്വേ 89/പാർട്ടിൽപ്പെട്ട 20.23 ആർ ഭൂമി കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുന്നതിനായി നാമമാത്ര നിരക്കിൽ (ആറിന് Rs.100/-) പത്തു വർഷത്തേക്ക് താഴെ പറയുന്ന വ്യവസ്ഥകളോടെ പാട്ടത്തിനു നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ; ഒരു വർഷത്തിനുള്ളിൽ നിർമ്മാണ

പ്രവർത്തികൾ ആരംഭിക്കേണ്ടതാണ്.

II. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല.

III. ഭൂമി ഉപ പാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.

IV. ഭൂമി എല്ലാ തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും പഞ്ചായത്ത് സംരക്ഷിച്ചു നിർത്തേണ്ടതാണ്.

V. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

VI. മൂന്ന് വർഷത്തെ വാർഷിക പാട്ടം മുൻകൂറായി ഒടുക്കേണ്ടതാണ്. പാട്ടത്തുക ഒടുക്കുന്നതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% പിഴപ്പലിശ ഈടാക്കുന്നതാണ്.

VII. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുന:നിക്ഷിപ്തമാകുന്നതാണ്.

(4) ഇത് സംബന്ധിച്ച തുടർ നടപടികൾ കാസർഗോഡ് ജില്ല കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
സെക്രട്ടറി, കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്, കാസർഗോഡ്
വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 17-12-2024 11:21:46

പകർപ്പ്:-
റവന്യൂ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്